അനാഥാലയങ്ങൾ

* 24 [836] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ വക എത്ര അനാഥാലയങ്ങൾ ഉണ്ട്;

(ബി) സർക്കാർ വക അനാഥാലയങ്ങളിലെ കുട്ടികളുടെ സംരക്ഷണത്തിനായി സാമൂഹ്യക്ഷേമ വകുപ്പ് എന്തെല്ലാം സഹായങ്ങൾ ചെയ്തു വരുന്നു എന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ അനാഥാലയങ്ങൾക്കും മറ്റ് ധർമ്മ സ്ഥാപനങ്ങൾക്കും സർക്കാർ നൽകി വരുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) കുട്ടികളെ ദത്തെടുക്കുന്നത് പ്രോൽസാഹിപ്പിക്കുന്നതിന് സാമൂഹ്യക്ഷേമ വകുപ്പ് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) സർക്കാരിന്റെ അധീനതയിൽ അനാഥാലയങ്ങൾ പ്രവർത്തിക്കുന്നില്ല.

(ബി) ബാധകമല്ല.

(സി) സംസ്ഥാനത്ത് സന്നദ്ധ സംഘടനകൾ നടത്തുന്ന അനാഥാലയങ്ങളിലെ അന്തേവാസികൾക്ക് ബോർഡിംഗ് ഗ്രാന്റായി പ്രതിമാസം 125 രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു. അന്തേവാസികളുടെ മാനസിക ശാരീരിക ഉല്ലാസത്തിനായി കലാകായിക മേളകൾ നടത്താനും ധനസഹായം നൽകുന്നുണ്ട്. കൂടാതെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനും ധനസഹായം നൽകുന്നു.

(ഡി) കുട്ടികളെ ദത്തെടുക്കുന്നത് പ്രോൽസാഹിപ്പിക്കുന്നതിനായി സംസ്ഥാനത്ത് 14 ഏജൻസികൾ പ്രവർത്തിക്കുന്നു.

(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സാമ്പത്തിക വിദഗ്ദ്ധരായ ബിബേക് സെബ്രോയ്, ലവീഷ് ഭണ്ഡാരി എന്നിവരുടെ സംസ്ഥാന സന്ദർശനം

1 [4848] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക വിദഗ്ദ്ധരായ ബിബേക് സെബ്രോയ്, ലവീഷ് ഭണ്ഡാരി എന്നിവർ കിൻഫ്രയുടെ അതിഥികളായി എത്ര ദിവസം 2003 ജൂൺ മാസത്തിൽ സംസ്ഥാനത്ത് താമസിച്ചിരുന്നു എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവരെ അതിഥികളായി ക്ഷണിക്കുന്നതിനുണ്ടായ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) എത്ര ദിവസം ഇവർ സംസ്ഥാനത്ത് എവിടെയൊക്കെ താമസിച്ചിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) ഇവരുടെ താമസം, യാത്ര, ഭക്ഷണം എന്റർടെയിൻമെന്റ് എന്നിവയ്ക്കായി കിൻഫ്രയ്ക്ക് എത്ര രൂപ ചെലവുവന്നു എന്ന് വ്യക്തമാക്കാമോ;

(ഇ) ഇവരുടെ സന്ദർശനം കൊണ്ട് കിൻഫ്ര എന്തൊക്കെ പരിപാടികളായിരുന്നു ആസൂത്രണം ചെയ്തിരുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കിൻഫ്രയുടെ അതിഥികളായി ശ്രീ. ബിബേക് സെബ്രോയ് രണ്ടു ദിവസവും ശ്രീ. ലവീഷ് ഭണ്ഡാരി നാല് ദിവസവും സംസ്ഥാനത്ത് താമസിച്ചിരുന്നു.

(ബി) ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളുടെ കഴിഞ്ഞ ഒരു ദശാബ്ദ കാലത്തെപ്പറ്റി ഇവർ നടത്തിയ പഠനങ്ങൾ ഉപപ്രധാനമന്ത്രിയുടെയും സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരുടേയും മുമ്പാകെ ഡൽഹിയിൽവെച്ച് അവതരിപ്പിച്ചിരുന്നു. പ്രസ്തുത പഠനങ്ങൾ കേരളത്തിലെ നിയമസഭാ സാമാജികരുടെയും ഉയർന്ന ഉദ്യോഗസ്ഥരുടെയും മുമ്പാകെ അവതരിപ്പിക്കുന്നത് ഉചിതമാണെന്ന് കരുതിയാണ് ഇവരെ ക്ഷണിച്ചത്.

(സി) കിൻഫ്രയുടെ അതിഥിയായി ഇവർ തിരുവനന്തപുരത്ത് മാത്രമേ താമസിച്ചിട്ടുള്ളൂ.

(ഡി) ഇവരുടെ താമസം, യാത്ര, ഭക്ഷണം എന്നിവയ്ക്കായി കിൻഫ്രയ്ക്ക് ആകെ 76,039.40 രൂപ ചെലവായിട്ടുണ്ട്.

(ഇ) നിയമസഭാ സാമാജികർക്കും ഉയർന്ന ഉദ്യോഗസ്ഥർക്കും വേണ്ടി ഇവർ നടത്തിയ അവതരണമല്ലാതെ കിൻഫ്ര ഇതുമായി ബന്ധപ്പെട്ട് വേറെ പരിപാടിയൊന്നും ആസൂത്രണം ചെയ്തിട്ടില്ല. കിൻഫ്രയുടെ ഓഫീസിൽ വച്ച് കിൻഫ്രയുടെ പ്രവർത്തനങ്ങളെപ്പറ്റി ഇവർക്ക് ഒരു അവതരണം നൽകിയിരുന്നു.

വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ജില്ലകൾ

2 [4853] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ജില്ലകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly